പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5799 | 03.11.2016-ൽ മറുപടിക്ക്.

## ബാലവേല (നിരോധനവും നിയന്ത്രണവും)നിയമം നടപ്പാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം നിലവിലുണ്ടെങ്കിലും ഹോട്ടലുകൾ, ടെക്സ്റ്റൈൽസുകൾ, മത്സ്യമേഖല , മറ്റു നിർമ്മാണ മേഖലകൾ എന്നിവിടങ്ങളിൽ ബാലവേല ഇന്നും നിലനിൽക്കുന്നു എന്നത് തൊഴിൽവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ബാലവേലക്കായി മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ള 'കുട്ടിക്കടത്ത് 'കഴിഞ്ഞ സർക്കാർ കണ്ടെത്തി അവയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; ഇപ്പോഴും ഇതു തുടരുന്നത് തടയുവാൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് 14 വയസ്സിൽ താഴെയുള്ള കുട്ടികളെ ~~കൊണ്ട്~~ തൊഴിലെടുപ്പിക്കുന്ന തൊഴിലുടമകൾക്ക് എതിരെ തൊഴിൽ വകുപ്പ് ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം 1986 പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. കുട്ടിക്കടത്തിനെതിരെയുള്ള കേന്ദ്ര സർക്കാരിന്റെ ഓപ്പറേഷൻ സ്മൈൽ എന്ന പദ്ധതിയിൽ ആഭ്യന്തര വകുപ്പിനോടൊപ്പം തൊഴിൽ വകുപ്പും പങ്കാളിയാകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

| | |
|---|---|
| (സി) ഇക്കഴിഞ്ഞ ഒക്ടോബർ 20 ന് സംസ്ഥാന അതിർത്തിയിലെ ഒരു റയിൽവേ സ്റ്റേഷനിൽ ഒഡീഷ്യയിൽ നിന്നും 140 ൽ കൂടുതൽ കുട്ടികളെ (പെൺകുട്ടികൾ ഉൾപ്പെടെ) കടത്തിക്കൊണ്ടു വന്നത് പിടികൂടിയത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; ഇതിൽ കുറ്റക്കാർക്കെതിരെ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (സി) ഉണ്ട്. ഒറീസ്സ സംസ്ഥാനക്കാരായ 145 ഓളം ആളുകളെ (95 പെൺകുട്ടികൾ) തിരുവനന്തപുരം കിൻഫ്രയിൽ പ്രവർത്തിക്കുന്ന കന്യാകുമാരി എക്സ്പ്പോർട്ട് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ പരിശീലനത്തിനും ജോലിക്കും എന്നറിയിച്ച് കൊണ്ടു-വന്നത് പാറശ്ശാല റെയിൽവേ പോലീസ് കണ്ടെത്തി നടപടി സ്വീകരിക്കുകയും ടി വിവരം ലഭ്യമായ ഉടനെ തന്നെ നെയ്യാറ്റിൻകര അസിസ്റ്റന്റ് ലേബർ ഓഫീസർ സ്ഥലം സന്ദർശിച്ച് ഉചിതനടപടി സ്വീകരിച്ച് രജിസ്ട്രേഷനും ലൈസൻസും നേടാത്തതിന് കക്ഷികൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ഒറീസ്സ യിൽ നിന്നും തൊഴിലാളികളെ റിക്രൂട്ട് ചെയ്ത് കേരളത്തിൽ ജോലിക്ക് നിയോഗിക്കുവാൻ ടി സംസ്ഥാനത്ത് നിന്ന് ലൈസൻസ് എടുത്തിട്ടുള്ളതായോ, കേരളത്തിലെ മുഖ്യ തൊഴിൽദായകൻ (കന്യാകുമാരി എക്സ്പോർട്ട് (പ്രൈവറ്റ്) ലിമിറ്റഡ്, കിൻഫ്ര) രജിസ്ട്രേഷൻ അഥവാ കരാറുകാരൻ ലൈസൻസ് എന്നിവ കേരള തൊഴിൽ വകുപ്പിൽ നിന്നും നേടിയിട്ടുള്ളതായോ കണ്ടെത്തിയിട്ടില്ല. ഇത് 1979ലെ ഇതരസംസ്ഥാന തൊഴിലാളി നിയമത്തിന്റെ വകുപ്പ് 8(1) എ, 8(1) ബി എന്നിവയുടെ ലംഘനമാണ് ആയതിന് നോട്ടീസ് നൽ കിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാറിന്റെ സ്കിൽ ഡെവലപ്പ്മെന്റുമായി ബന്ധപ്പെട്ട അനുമതികളുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം തൊഴിലാളികളെ ഒറീസ്സയിൽ നിന്നും കേരളത്തിൽ കൊണ്ടു വന്നതെന്ന് ഐ.എൽ & എഫ്.എസ് ക്ലസ്റ്റർ ഡെവലപ്പ്മെന്റ് ഇനിഷ്യേറ്റീവ് ലിമിറ്റഡ്, ഭുവനേശ്വർ എന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള നടപടിയിൽ ഉൾപ്പെട്ടവരെ ഒഴിവാക്കി പ്രായപൂർത്തിയായ (18 വയസ്സ് കഴിഞ്ഞ) തൊഴിലാളികളെ തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിലെ ഹോസ്റ്റലിൽ താമസിപ്പിച്ചിരിക്കുകയാണ്. |

(ഡി) സംസ്ഥാനത്താകമാനം അതിർത്തി പ്രദേശങ്ങളിലൂടെ നടത്തുന്ന കുട്ടിക്കടത്തു തടയുവാനും, സംസ്ഥാനത്തിനകത്തു നടക്കുന്ന ബാലവേല ഉന്മൂലനം ചെയ്യുവാനും തൊഴിൽ വകുപ്പ് മറ്റു വകുപ്പുകളുമായി ചേർന്ന് എന്തു നടപടികൾ സ്വീകരിക്കും; വിശദാംശം ലഭ്യമാക്കുമോ?

(ഡി) ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും ബാലവേല നിർമ്മാർജ്ജനം ലക്ഷ്യമിട്ട് ജില്ലാതലങ്ങളിൽ ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ടി ടാസ്ക്ഫോഴ്സിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സ്ക്വാഡ് പരിശോധനകളും അവബോധ പ്രവർത്തനങ്ങളും നടന്നുവരുന്നു. ബാലവേല നിയന്ത്രിക്കുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റി യോഗം ചേർന്ന് ബാലവേല നിർമ്മാർജ്ജനത്തിനായുള്ള പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ